പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :614 — 29. 01. 2019 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ട്രാൻസ്മിഷൻ വിഭാഗത്തിലെ ഒഴിവുകൾ

ചോദ്യം

ശ്രീ. എ.എൻ. ഷംസീർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ട്രാൻസ്മിഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത തസ്തികയിലെ നിലവിലുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഉത്പാദനം, പ്രസരണം, വിതരണം, കോർപ്പറേറ്റ് എന്നീ മേഖലകൾ തിരിച്ചല്ല ഒഴിവുകൾ കണക്കാക്കുന്നത്. ഒഴിവുകൾ കണക്കാക്കുന്നത് കേഡർ സ്ട്രെങ്ത്തിനെ അടിസ്ഥാനമാക്കിയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20% പ്രമോഷൻ ക്വാട്ടയിൽ 185 ഒഴിവുകൾ നിലവിലുണ്ട്. 2016 - ാ0 മാണ്ട് ഡിസംബർ മാസം നിലവിൽ വന്ന അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 40% ഓപ്പൺ ക്വാട്ടയിലെ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 127 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിലവിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; | (ബി) ട്രാൻസ്മിഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ തൽക്കാലിക അടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല. എന്നാൽ വിവിധ സബ്സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ കുറവുണ്ടാകുമ്പോൾ അതിനാവശ്യമായ ആളുകളെ ലഭ്യമാക്കുന്നതിനായി 'വർക്ക് കോൺട്രാക്ട്' അടിസ്ഥാനത്തിൽ നിശ്ചിത കാലത്തേയ്ക്ക് ആളുകളെ നിയോഗിക്കുകയാണ് ചെയ്യുന്നത്. |
| (സി) ആശ്രിത നിയമനം വഴി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ട് നിയമനം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) ആശ്രിതനിയമനം വഴി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ട് നിയമനം നടത്തുന്നില്ല. പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ 40%, 10% ക്വാട്ടകളിലെ റാങ്ക് ലിസ്റ്റുകളിൽ നിന്നും അതാത് ക്വാട്ടകളിൽ വരുന്ന ഒഴിവുകളാണ് നികത്തുന്നത് |

സെക്ഷൻ ഓഫീസർ